# STD - XI

## അദ്ധ്യാപക സഹായി

## പാഠം-രണ്ട്  - യേശു ചരിത്രപുരുഷനും ദൈവപുത്രനും - ഭാഗം-ഒന്ന്

### ലക്ഷ്യം

ചരിത്ര പുരുഷനും ദൈവപുത്രനുമായ യേശുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സമഞ്ജസമായി ഉൾക്കൊള്ളുന്നു എന്ന യാഥാർത്ഥ്യം ബോധ്യമാക്കുക. നമ്മുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിൽ വിശ്വസിക്കും.

### പഠനസഹായികൾ

* യേശുവിനെക്കുറിച്ച് വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന വ്യക്തികൾ നൽകിയ സാക്ഷ്യങ്ങൾ - ചാർട്ട്.
* വചനം - മത്തായി 16:15, യോഹ. 1:1, അപ്പ. 4:12
* യേശു ആരാണെന്ന് കുട്ടികളോട്, ടീച്ചർ സ്വന്തം അനുഭവത്തിലൂടെ പങ്കുവയ്ക്കുന്ന സംഭവം.

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ മനുഷ്യാവതാര ലക്ഷ്യം.
* ക്രിസ്തുവിന്റെ മാനുഷികമായ അനന്യത.
* ദൈവസാന്നിദ്ധ്യത്തിൽ പൂർണ്ണത - യേശു

### പ്രാർത്ഥന

ദൈവമേ, യേശു മനുഷ്യനായി അവതരിച്ച ദൈവം തന്നെയാണെന്ന സത്യത്തിൽ വിശ്വസിച്ചുകൊണ്ട്, ക്രിസ്തു സാക്ഷിയായി ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

### ചോദ്യങ്ങൾ

1. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം എന്ത്?
2. യേശു എന്ന പേര് പുതിയ നിയമത്തിൽ എത്ര പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്?
3. യേശു ചരിത്രപുരുഷനാണെന്ന് പറയുന്നത് എന്തുകൊണ്ട്?

# STD - XI

## അദ്ധ്യാപക സഹായി

## പാഠം-രണ്ട്  - യേശു ചരിത്രപുരുഷനും ദൈവപുത്രനും - ഭാഗം-രണ്ട്

### ലക്ഷ്യം

യേശു ദൈവത്തിന്റെ ഏക പുത്രൻ എന്നുള്ള സത്യം തിരിച്ചറിയുന്നു.

ദൈവം എല്ലാവരുടെയും പിതാവാണെന്നും, നമ്മൾ ദൈവത്തിന്റെ മക്കളാണെന്നും യേശുവിലൂടെ വെളിപ്പെടുത്തി. പിതാവായ ദൈവത്തിന്റെ ഏകപുത്രനാണ് യേശു എന്ന വിശ്വാസം.

### പഠനസഹായികൾ

* എട്ടാം നൂറ്റാണ്ടിൽ ഇറ്റലിയിൽ സംഭവിച്ച ദിവ്യകാരുണ്യ അത്ഭുതസംഭവം.
* കാലികമായി ഇന്നും തുടരുന്ന ദിവ്യകാരുണ്യ അത്ഭുതത്തെക്കുറിച്ച് വിവരണം.
* വചനം - ലൂക്കാ. 11:1-4, യോഹ. 3:16

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിൽ അമർത്യമായ ദൈവസ്വഭാവവും മർത്യമായ മനുഷ്യസ്വഭാവവും സമ്മേളിച്ചിരിക്കുന്നു.
* ദൈവം നമ്മുടെ പിതാവും നാം ദൈവത്തിന്റെ മക്കളുമാണ്.

### പ്രാർത്ഥന

തന്റെ ഏകജാതനെ നൽകാൻ തക്കവിധം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവമേ, യേശുവിലൂടെയുള്ള രക്ഷ സ്വന്തമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### ചോദ്യങ്ങൾ

1. യേശു ദൈവപുതനാണെന്ന് ബൈബിൾ അടിസ്ഥാനമാക്കി കണ്ടെത്തി എഴുതുക.
2. ദിവ്യകാരുണ്യത്തിലെ യേശുവിന്റെ സാന്നിദ്ധ്യം വ്യക്തമാക്കുന്ന ഏതെങ്കിലും സംഭവം വിവരിക്കുക.

# STD - XI

## അദ്ധ്യാപക സഹായി

## പാഠം-രണ്ട് - യേശു ചരിത്രപുരുഷനും ദൈവപുത്രനും - ഭാഗം-മൂന്ന്

### ലക്ഷ്യം

വഴിയും സത്യവും ജീവനുമായ യേശുവിലൂടെ ഞാൻ പിതാവിൻ പക്കലേക്ക് എത്തിച്ചേരുന്നു. യേശുവിലൂടെ അല്ലാതെ പിതാവിന്റെ പക്കലേക്ക് ആരും എത്തിച്ചേരുന്നില്ല. നിത്യരക്ഷയായ യേശുവിനെ ഞാൻ പ്രഘോഷിക്കും.

### പഠനസഹായികൾ

* യേശുക്രിസ്തുവിന്റെ അനന്യതയെ വ്യക്തമാക്കുന്ന ഒരു ഐതീഹ്യം.
* മോസ്കോ കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്ന യേശുവിന്റെ തിരുമുഖ ചിത്രം
* വചനം - യോഹ. 1:18, യോഹ. 14:9

### പാഠത്തിന്റെ ഉള്ളടക്കം

* യേശുക്രിസ്തുവിന്റെ അനന്യത.
* വഴിയും സത്യവും ജീവനുമായ യേശു.

### പ്രാർത്ഥന

വഴിയും സത്യവും ജീവനുമായ ഈശോയെ, അങ്ങിലൂടെ പിതാവിൻ പക്കലേക്ക് എത്തുവാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

### ചോദ്യങ്ങൾ

1. യേശുക്രിസ്തുവിന്റെ അനന്യതയെ വെളിപ്പെടുത്തുന്ന ബൈബിൾ വചനം കണ്ടെത്തി എഴുതുക.
2. നമ്മുടെ ജീവിതസാഹചര്യത്തിൽ നിന്നുകൊണ്ട് എങ്ങനെയെല്ലാം യേശുവിന് സാക്ഷ്യം നൽകാൻ കഴിയും.
3. മറ്റ് ചരിത്ര പുരുഷന്മാരിൽനിന്നും, നേതാക്കന്മാരിൽനിന്നും യേശുവിനെ വ്യത്യസ്തമാക്കുന്നത് എന്താണ്?